പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4287 — 20.03.2018 ൽ മറുപടിക്ക്

ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ : | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ വകുപ്പ് പുരോഗതി കൈവരിച്ചിട്ടുള്ളതായി കാണുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട മറ്റ് യാത്രാമാർഗ്ഗങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് 1968 ൽ വകുപ്പ് സ്ഥാപിതമായത്. നാളിതു വരെ ടി നിലയിൽ കാര്യക്ഷമമായ സേവനമാണ് വകുപ്പ് ജനങ്ങൾക്ക് നൽകി വരുന്നത്. കേരളത്തിൽ ആലപ്പുഴ , കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലായി 51 ഷെഡ്യൂളുകളാണ് വകുപ്പ് നിലവിൽ നടത്തി വരുന്നത്. കാലാനുസൃതമായ മാറ്റങ്ങൾ വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾ പുനർവിന്യസിച്ച് ആധുനിക സ്റ്റീൽ ബോട്ടുകളാക്കുന്നതിന്റെ ഭാഗമായി 45 സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ബോട്ടുകൾ വാടകയ്ക്ക് എടുത്ത് സർവ്വീസ് നടത്തിയിരുന്ന സാഹചര്യത്തിൽ നിന്നും സ്വന്തം നിലയിൽ ബോട്ടുകൾ വാങ്ങി സർവ്വീസ് നടത്തുന്ന തലത്തിലേയ്ക്ക് വകുപ്പിന് പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. വിനോദ സഞ്ചാരരംഗത്തെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തുന്ന തരത്തിൽ ടൂറിസ്റ്റ് കം പാസഞ്ചർ ബോട്ട് സർവ്വീസുകൾ വകുപ്പ് ആരംഭിക്കുകയും വിജയകരമായി നടത്തി വരികയുമാണ്. ആലപ്പുഴ – കൊല്ലം, കൊല്ലം - ആലപ്പുഴ എന്നിങ്ങനെ രണ്ട് ടൂറിസ്റ്റ് സർവ്വീസുകൾ വിജയകരമായി വകുപ്പ് നടത്തി വരുന്നു. കുട്ടനാടൻ മേഖലയിലെ വിനോദ സഞ്ചാര സാധ്യതകൾ മുൻനിർത്തി സാധാരണക്കാരായ യാത്രക്കാർക്ക് കൂടി പ്രയോജനകരമായ വിധത്തിൽ സീ - കുട്ടനാട് എന്ന പേരിൽ ടൂറിസ്റ്റ് കം പാസഞ്ചർ ബോട്ട് സർവ്വീസ് നിലവിൽ വിജയകരമായി നടത്തിപ്പോരുന്നു. വകുപ്പ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കായി വകുപ്പിനു വേണ്ടി സ്വന്തമായി 4 ബോട്ടുകൾ ഒരേ സമയം അറ്റകുറ്റപ്പണികൾ നടത്താവുന്ന ഡ്രൈഡോക്കും 4 ബോട്ടുകൾ കയററാവുന്ന സ്ലിപ്പ് വേയും ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ നിർമ്മാണം പൂർത്തിയാക്കി ബോട്ടുകൾ കയറ്റി അറ്റകുറ്റപ്പണികൾ |

ഊർജ്ജിതമായി നടത്തി വരികയുമാണ്. കേരളാ ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ സംവിധാനങ്ങൾ ഉള്ളതും കേരള തുറമുഖ വകുപ്പിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭിച്ചതുമായ ബോട്ടുകൾ മാത്രമാണ് വകുപ്പ് സർവ്വീസുകളിൽ ഉപയോഗിച്ചു വരുന്നത്. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി മുഴുവൻ യാത്രക്കാർക്കും ലൈഫ് ജാക്കറ്റുകൾ എല്ലാ ബോട്ടുകളിലും സജ്ജമാക്കിയിട്ടുണ്ട്. ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, മുതലായ സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ വകുപ്പ് സുരക്ഷയ്ക്കായി സജ്ജമാക്കിയിട്ടുള്ളതാണ്. ജലഗതാഗത രംഗത്ത് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ട് ഇന്ത്യയിൽ തന്നെ ആദ്യമായി വകുപ്പിനു വേണ്ടി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം – തവണക്കടവ് റൂട്ടിൽ സർവീസ് നടത്തി വരുന്നു. അത്യാധുനിക ഹൈസ്പീഡ് എ.സി. ബോട്ടുകൾ ഉപയോഗിച്ച് പുതുതായി ആലപ്പുഴ- കുമരകം – കോട്ടയം , വൈക്കം – എറണാകുളം അതിവേഗ ടൂറിസ്റ്റ് സർവീസുകൾ ആരംഭിക്കുന്നതിനായി സർക്കാർ അനുമതി ലഭിക്കുകയും ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയുമാണ്. വകുപ്പിന്റെ അഞ്ചു പ്രധാന സ്റ്റേഷനുകളിൽ റെസ്ക്യൂ ബോട്ടുകൾ ഉൾപ്പെടുത്തി സുരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതിനാൽ ആയതിനുള്ള ബോട്ടുകളുടെ നിർമ്മാണവും പുരോഗമിച്ചു വരികയാണ്. പുതിയ റൂട്ടുകളിൽ സർവീസുകൾ ആരംഭിക്കുന്നതിനും വിനോദസഞ്ചാര മേഖലയിലെ സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്തി സേവന മേഖല വികസിപ്പിക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നല്കുന്നതിനും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചുവരുന്നു. ജലഗതാതഗ രംഗത്ത് പൊതുജനങ്ങൾക്ക് നിലവിൽ കാര്യക്ഷമമായ സേവനം നല്കിവരുന്ന വകുപ്പിന് ഈ മേഖലയിൽ വേണ്ടത്ര പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | 'ആദിത്യ' സൗരോർജ്ജ ബോട്ടിന്റെ പ്രവർത്തനം വിജയകരമാണോ ; എങ്കിൽ ഈ സംരംഭം കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) സോളാർ ബോട്ട് സർവ്വീസ് നടത്തി ഒരു വർഷം പിന്നിടുന്ന അവസരത്തിൽ ടി ബോട്ടിന്റെ പ്രവർത്തനം തൃപ്തികരമാണ്. സർക്കാർ അനുമതിയോടെ 2017-18 വർഷം 100 പാസഞ്ചർ കപ്പാസിററിയുള്ള 'സോളാർ ക്രൂയിസ് വെസൽ' പണി കഴിപ്പിക്കുന്നതിന് വർക്ക് ഓർഡർ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ